

മൈനാഗപ്പള്ളി തോട്ടുംമുഖത്ത് കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി നീരയും മറ്റു മൂല്യവർധിത ഉൽപന്നങ്ങളും നിർമിക്കുന്ന പദ്ധതിയുടെ കെട്ടിട ശിലാസ്ഥാപനം എക്സൈസ് മന്ത്രി കെ. ബാബു നിർവഹിക്കുന്നു. തൊഴിൽ മന്ത്രി ഷിബു ബേബിജോൺ, കൊടിക്കുന്നിൽ സുരേഷ് എം.പി, കോവൂർ കുഞ്ഞുമോൻ എംഎൽഎ ഹോർട്ടി കോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടി എന്നിവർ സമീപം.

# നീര പദ്ധതി പ്രാധാന്യത്തോടെ നടപ്പാക്കും: മന്ത്രി കെ. ബാബു

ശാസ്താംകോട്ട ● ചെത്തുകാർക്കു തൊഴിലും കേരകർഷകരുടെ ഉന്നമനവും ലക്ഷ്യമിടുന്ന നീര പദ്ധതി അടിയന്തര പ്രാധാന്യത്തോടെയാണു സർക്കാർ നടപ്പിലാക്കുന്നതെന്ന് എക്സൈസ് മന്ത്രി കെ. ബാബു. മൈനാഗപ്പള്ളി തോട്ടുംമുഖത്ത് കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി 20 കോടി രൂപ മുതൽമുടക്കിൽ നീരയും മറ്റ് മൂല്യവർധിത ഉൽപന്നങ്ങളും നിർമിക്കുന്ന പദ്ധതിയുടെ കെട്ടിട ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു.

നീര പദ്ധതിയുമായി ബന്ധപ്പെട്ടു 14 ജില്ലകളിലും ചെത്താനുള്ള ലൈസൻസ് നൽകിയെങ്കിലും തെങ്ങുകണ്ടെത്തി മാർക്ക് ചെയ്തതു രണ്ടു ജില്ലകൾ മാത്രമാണെന്നു മന്ത്രി പറഞ്ഞു. ചെത്തുകാരും അനുബന്ധ ജോലിക്കാരുമായി 36,104 പേർക്കു പദ്ധതിയുടെ ഗുണം ലഭിക്കും.

തങ്ങളുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ചെത്തുകാരുടെ ആശങ്ക അസ്ഥാനത്താണ്. ചെത്തുകാരെ കിട്ടാത്തിടത്തു മാത്രമേ ട്രെയിനികളെ ഉപയോഗിക്കുകയുള്ളൂ വെന്നും മന്ത്രി പറഞ്ഞു. തൊഴിൽ മന്ത്രി ഷിബു ബേബിജോൺ ലോഗോ പ്രകാശനം ചെയ്തു.

കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എംപി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. എൻ.കെ. പ്രേമചന്ദ്രൻ എംപി വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണോദ്ഘാടനം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടി നിർവഹിച്ചു. കെസിപിസിഎൽ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, ഡിസ്ട്രിക്ട് ഗവ. പ്ലീഡർ സുധീർ ജേക്കബ്, എക്സൈസ് ഡപ്യൂട്ടി കമ്മിഷണർ ബാബുക്കുട്ടൻ, ബാബു ജോസഫ്, ശ്രീലേഖ വേണുഗോപാൽ, പി. രാജേന്ദ്രപ്രസാദ്, കോയിവിള രാമചന്ദ്രൻ, യൂസുഫ് കുഞ്ഞ്, പി. ജർമിയാസ്, തുണ്ടിൽ നൗഷാദ്, പി.എം. സെയ്ത്, ഷൈന സുരേഷ്, പി.കെ. ഗോപൻ, കല്ലട വിജയൻ, ചിത്രഭാനു, എസ്.എം. ഇക്ബാൽ, ജയകുമാർ, പി.സി. കോശി വൈദ്യൻ, സീന സജു, എസ്. രഘുകുമാർ, പി. ഫിലിപ്പ്, തോമസ് വൈദ്യൻ, മോഹൻ കോയിപ്പുറം, കെ.സി. ദാസ്, ടി.ഒ. വൈദ്യൻ, ജയമോൻ എന്നിവർ പ്രസംഗിച്ചു.